ARTICLE IN THE "JENMABHOOMI"—INFORMATION REGARDING

92. മിസ്റ്റർ പി. നാരായണമേനോൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

ഫ ഫ—ഫ ഫ ഫ ഫ-ലെ ജന്മഭൂമിയിൽ "പ്രജാമണ്ഡലം വഴക്കുകൾ" എന്ന തലവാചകത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടുകയുണ്ടായോ?

റാവുസാഹിബ് എ. മാധവപ്രഭു :

ഉവ്വ്.

മിസ്റ്റർ പി. നാരായണമേനോൻ : ഈ സംഗതിയുടെ യാഥാർത്ഥ്യമറിയാൻ ഗവൺമെണ്ടു വല്ല അന്വേഷണവും നടത്തിട്ടുണ്ടോ?

റാവുസാഹിബ് എ. മാധവപ്രഭു : ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതു് ഒരു കക്ഷിയുടെ ഉള്ളിലുള്ള വഴക്കല്ലേ?

റാവുസാഹിബ് എ. മാധവപ്രഭു : അതെ.

മിസ്റ്റർ പി. കെ. ഡീവർ : ഒരു കക്ഷിയുടെ ഉള്ളിൽ ഉണ്ടാകുന്ന വഴക്കിനെ സംബന്ധിച്ചു പോലീസ്സ് നടപടികൾ എടുക്കുന്നതിൽ വല്ല ന്യായവുമുണ്ടോ?

റാവുസാഹിബ് എ. മാധവപ്രഭു : ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ : പ്രജാമണ്ഡലത്തിന്റെ ചാലക്കുടി സമ്മേളനത്തിൽ വിദ്യാഭ്യാസമന്ത്രിയുടെ സമീപത്തുവെച്ചു് അദ്ദേഹം ഒരു അഖിലകൊച്ചി നാണയൻ ആണെന്നു് ഒരാൾ പ്രസംഗിച്ചു എന്നു പ്രസ്താവിച്ചിട്ടുണ്ടു്. അങ്ങിനെ ഒരാൾ പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ ആ ആളുടെ പേരിൽ എന്തു നടപടിയാണു് എടുത്തതു്?

റാവുസാഹിബ് എ. മാധവപ്രഭു : ഗവൺമെണ്ടു് ഒരു നടപടിയും എടുത്തിട്ടില്ല.

മിസ്റ്റർ പി. നാരായണമേനോൻ : കടലാസിൽ കാണുന്നതു് നാണയാണു് എന്നുള്ള വിശ്വാസത്തോടുകൂടിയാണോ ഇങ്ങിനെ ജനകീയ മന്ത്രിമാരുടെ പേരിൽ ഒരപരാധം ചുമത്തിയതു് നിസ്സാരമാണെന്നു വിചാരിച്ചു് നടപടിയെടുക്കാതിരുന്നതു്?

റാവുസാഹിബ് എ. മാധവപ്രഭു : എല്ലാ പേപ്പറിലും ഉള്ളതു നാണയാണെന്നു് ഞാൻ പറഞ്ഞിട്ടില്ല. ഇതിനെപ്പറ്റി നടപടിയെടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നാത്തതുകൊണ്ടാണു നടപടിയെടുക്കാതിരുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതെങ്കിലും വ്യക്തിവിദ്വേഷംവച്ചുകൊണ്ടാണോ ഇങ്ങിനെ എഴുതിയതു്?

FOOD SUPPLIES DEPARTMENT—GAIN OR LOSS—DETAILS REGARDING

93. മിസ്റ്റർ എം. ഒ. തോമക്കുട്ടി:

താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫുഡ്സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽ ഫ ഫ ഠ, ഫ ഫ ഠ ഫ എന്നീ കൊല്ലങ്ങളിലെ കണക്കുകൾ പരിശോധിച്ചു ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഓരോ കൊല്ലത്തിലും എന്തു വീതമാണു ലാഭനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതെന്നും, ശമ്പളച്ചിലവടക്കം ആയതു് എത്രയാണെന്നും, ശമ്പളച്ചിലവുകൂടാതെ എത്രയാണെന്നും വിവരമായി അറിയിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ :

(എ) ഉവ്വ്.

(ബി) വിവരം താഴെ ചേർത്തിരിക്കുന്നു.

	ഫ ഫ ഠ ഠ ക.	ഫ ഫ ഠ ഫ ക.
ശമ്പളച്ചിലവടക്കം നഷ്ടം	ഠവ,ൻഠ,നടഠ—ങ—വ	നൻ,ർന,ഠ ങ ഉ—ഫ—ന.
ശമ്പളച്ചിലവുകൂടാതെ നഷ്ടം	ഫവ,ന്യർ,ഉ ഉ ഫ—ഫർ—ഠ	ഠ ങ,നന,ഠ ഉ ങ—ഫ—ന.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : ഫ ഫ ഠ ഠ-ൽ ശമ്പളച്ചിലവിനത്തിൽ ഫ ഠ ലക്ഷം രൂപാ ചിലവായിട്ടുണ്ടു്. ഫ ഫ ഠ ഫ-ൽ ശമ്പളച്ചിലവിനത്തിൽ ഫർ ലക്ഷം രൂപാ ചിലവായിട്ടുണ്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

കാണുന്നു. ഫ്രഞ്ച്-ൽ ശമ്പളച്ചിലവിനു ര ലക്ഷം രൂപാ കൂടാൻ പ്രത്യേകവല്ലകാരണവുമുണ്ടോ ?

മിസ്റ്റർ കെ ഗോവിന്ദമേനോൻ : ശമ്പളച്ചിലവിനു മാത്രമല്ല ഈ ര ലക്ഷം രൂപാ കൂടിട്ടുള്ളതു്. ശമ്പളച്ചിലവു് അടക്കം എന്നാണു് ഉത്തരം. അതിന്റെ കണക്കു് ഞാൻ ഇവിടെ പറയാം. Cost of milk adjustment-ൽ Rs. 68,000, Establishment Rs. 23,000 Dearness Allowance Rs. 1,07,000. Other charges Rs. 1,85,000 ഇങ്ങനെ ആകെ 3,83,000 രൂപയാണു കൂടുതൽ ചിലവായിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഡിയർനസ്സു് അലവൻസ്സിനു ഫ്രഞ്ച്-ൽ കൂടുതലായി ഒരു ലക്ഷത്തിഏഴായിരം രൂപാ കൊടുത്തു എന്നു പറഞ്ഞുവല്ലോ. ഫ്രഞ്ച്-ലുംഡിയനർനസ്സു് അലവൻസ്സു് കൊടുത്തിരുന്നില്ലേ ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ : ഫ്രഞ്ച്-ൽ കൊടുത്തതിനേക്കാൾ റോറ് കൂടുതലായി ഫ്രഞ്ച്-ൽ കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : ഫ്രഞ്ച്-ൽ ഫ്രഞ്ച് ലക്ഷം രൂപയും, ഫ്രഞ്ച്-ൽ ഡ ലക്ഷം രൂപയും നഷ്ടം വന്നു എന്നു കാണുന്നുണ്ടു്. ഈ നഷ്ടം എങ്ങിനെയാണു വന്നതു് ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ : സബ്സിഡി കൊടുത്തതുകൊണ്ടാണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : ഫ്രഞ്ച്-ലേക്കാൾ ഫ്രഞ്ച്-ൽ എന്തുണ്ടു കൂടുതൽ സബ്സിഡി കൊടുത്തതു് ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ : കൂടുതൽ വിലക്കു് അരി വാങ്ങി കുറഞ്ഞ വിലക്കു് ഇവിടെ കൊടുത്തു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : അരി മാത്രമെ ഇങ്ങിനെ കൂടുതൽ വിലക്കു വാങ്ങി കുറഞ്ഞ വിലക്കു വിറ്റിട്ടുള്ളോ, അതേ തവറേയും സാധനങ്ങൾ അങ്ങിനെ കൂടുതൽ വിലക്കു വാങ്ങേണ്ടിവന്നിട്ടുണ്ടോ ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ : ഇതു് അരിക്കാണു കൊടുത്തതു്.

UNAIDED LOWER SECONDARY TEACHERS—FULL DEARNESS ALLOWANCE—PAYMENT OF

94. Mr. Paramel Ipe Ipe *(Kunnamkulam)*:

Will Government be pleased to state.—

(*a*) whether the Government can insist on the managers of schools to give the full pay and dearness allowance to teachers working in un-aided lower secondary classes;

(*b*) whether the fee collected from a lower secondary class in a boys' school with minimum strength, will not be sufficient to give the full pay and dearness allowance to the teacher working in that class?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) No.

(*b*) No.

Mr. Paramel Ipe Ipe *(Kunnamkulam)*: With reference to answer to (*b*) what will be the amount of collection?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഒരു ലോവർസെക്കണ്ടറിക്ലാസ്സിൽ മിനിമം ന൦ കുട്ടികളാണു്. ഒരു കൊല്ലത്തിൽ ഒരു കുട്ടിയുടെ കയ്യിൽനിന്നു ര൫ രൂപ കിട്ടും. അങ്ങിനെ ന൦ കുട്ടികളുടെ കയ്യിൽനിന്നു ൭൫൦ രൂപ കിട്ടും. ൫, ൬, ൭ എന്നിങ്ങനെ മൂന്നു ക്ലാസ്സുകൾ ഒരു സ്കൂളിലുണ്ടെങ്കിൽ ൨,൫൬൦ രൂപയാണു് ഒരു കൊല്ലത്തിൽ കിട്ടുന്നതു്. ഇതുകൊണ്ടു് ആ ക്ലാസ്സുകളിലെ അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കാൻ മതിയാകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : മുഴുവൻശമ്പളവും കൊടുക്കാതിരുന്നാൽ നടപടിയൊന്നും മാനേജർമാരുടെ പേരിൽ എടുക്കാൻ പാടില്ലേ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : നേരിട്ടു നടപടിയെടുക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഡിയർനസ്സ് അലവൻസ്സ് മുഴുവൻ കൊടുക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : നിവൃത്തിയുണ്ടെങ്കിൽ മുഴുവൻ കൊടുപ്പിക്കണം എന്നതന്നെയാണു ഗവണ്മെണ്ടിന്റെ വിചാരം. അങ്ങിനെ കൊടുത്തില്ലായെന്നു വരുകിൽ അവരുടെ പേരിൽ ഡയറക്റ്റായി ആക്ഷൻ എടുക്കാൻ ഇപ്പോഴത്തെ കോഡിൽ പ്രൊവിഷനൊന്നുമില്ല. ഇൻഡയറക്റ്റായിട്ടു വല്ല ആക്ഷനുമേ എടുക്കാൻ നിവൃത്തിയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly